# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 558      10.06.2014-ൽ മറുപടിക്ക്

**ഭവന നിർമ്മാണ ബോർഡു മുഖേനയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ ;<br>ഡോ. എൻ. ജയരാജ് ;<br>ശ്രീ. റോഷി അഗസ്റ്റിൻ ;<br>ശ്രീ. പി. സി. ജോർജ് ; | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) | വർഷത്തിൽ 4 തവണ (മൂന്നു മാസത്തിലൊരിക്കൽ) ബോർഡിന്റെ പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. |
| (ബി) നിലവിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (ബി) | നിലവിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയും പ്രകാരമാണ്.<br>a. <u>സർക്കാർ സബ്സിഡിയോടു കൂടി നടപ്പിലാക്കുന്ന പദ്ധതികൾ</u><br>1. സാഫല്യം ഭവന പദ്ധതി<br>2. ഗൃഹശ്രീ ഭവന പദ്ധതി<br>3. എം.എൻ.ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി<br>4. എം.എൻ. ലക്ഷംവീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതി.<br>5. സുരക്ഷാ ഭവന പദ്ധതി<br>b. <u>മറ്റ് പദ്ധതികൾ</u><br>1. ഇന്നൊവേറ്റീവ് ഭവന പദ്ധതി |

(ഫ്ളാറ്റുകൾ)

2. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി (ഫ്ളാറ്റുകൾ)
3. പാരസ്പര്യം മാതൃകയിൽ ഫ്ളാറ്റു നിർമ്മാണ പദ്ധതികൾ
4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ

(സി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ;

(സി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം നടപ്പിലാക്കിയ / നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നു.

1. <u>ഇന്നൊവേറ്റീവ് ഭവന പദ്ധതികൾ</u>
   a. തൃശ്ശൂർ കുട്ടനെല്ലൂരിൽ ഫേസ് 2ഉം ഫേസ് 3ഉം ആയി 48 ഫ്ളാറ്റുകൾ
   b. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം ഫേസ് 1ഉം ഫേസ് 2ഉം ആയി 40 ഫ്ളാറ്റുകൾ
   c. തിരുവനന്തപുരത്ത് പൂജപ്പുരയിൽ ഫേസ് 3 ആയി 24 ഫ്ളാറ്റുകൾ
2. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതികൾ</u>
   a. കാസർകോഡ് ഫേസ് 1ഉം ഫേസ് 2 ഉം ഫേസ് 3ഉം ആയി 36 ഫ്ളാറ്റുകൾ
   b. ദേവികുളത്ത് ഫേസ് 2ഉം ഫേസ് 3ഉം ആയി 12 ഫ്ളാറ്റുകൾ
   c. തൃശ്ശൂർ കുട്ടനെല്ലൂരിൽ 6 ഫ്ളാറ്റുകൾ

3. <u>കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി</u>

ഒന്നാം ഘട്ടമായി 218 ഫ്ളാറ്റുകളുടെ നിർമ്മാണം.

4. <u>സാഫല്യം ഭവന പദ്ധതി</u>

a. ഒന്നാം ഘട്ടം

b. രണ്ടാം ഘട്ടം

5. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ</u>

കട്ടപ്പനയിൽ 125 കിടക്കകളും കോഴിക്കോട് 159 കിടക്കകളും മുട്ടം (അഡീഷണൽ ബ്ലോക്ക്) 74 കിടക്കകളും, തിരുവനന്തപുരം എൻ.സി.സി. നഗറിൽ 73 കിടക്കകളും കൊച്ചി ഇടപ്പിള്ളിയിൽ 98 കിടക്കകളും, തൃശ്ശൂർ ചാലക്കുടിയിൽ 77 കിടക്കകളും, മുളംകുന്നത്തുകാവിൽ 142 കിടക്കകളുമുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്നുണ്ട്.

6. <u>സുരക്ഷാ ഭവനപദ്ധതി</u>

21/03/2005-ലെ (എം.എസ്)നം.9/2005/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം 2005-06 മുതൽ തുടർന്നു വരുന്ന പദ്ധതിയാണ് സുരക്ഷാ ഭവനപദ്ധതി. ദുർബ്ബല വിഭാഗത്തിൽപ്പെട്ട വീടില്ലാത്തതും എന്നാൽ 2 സെന്റ് ഭൂമി സ്വന്തമായുള്ളതുമായ പാവപ്പെട്ടവർക്ക് സന്നദ്ധസംഘടന/വ്യക്തി/ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വീടിന്റെ കൂരമട്ടം വരെ പണി പൂർത്തീകരിക്കുമ്പോൾ 25,000/- രൂപ സർക്കാർ സബ്സിഡിയായി നൽകുന്ന പദ്ധതിയാണിത്.

2,00,000/- രൂപ സർക്കാർ സബ്സിഡിയിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രാബല്ല്യത്തിൽ വന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക സബ്സിഡിയായി നൽകുന്ന സുരക്ഷാ ഭവന പദ്ധതിയ്ക്ക് പ്രസക്തിയില്ലാത്തതിനാൽ 2013 മാർച്ച് 31നകം നിർമ്മാണ പ്രവർത്തനങ്ങളാരംഭിച്ച വീടുകൾക്കു കൂടി സബ്സിഡി വിതരണം ചെയ്ത് സുരക്ഷാ പദ്ധതി നിറുത്തലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(7) <u>എം.എൻ. ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി</u>

1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർനിർമ്മാണത്തിനായി സർക്കാർ സബ്സിഡി വിതരണം ചെയ്തു വരുന്നു.

(8) <u>എം.എൻ. ലക്ഷംവീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതി</u>

ടി പദ്ധതി പ്രകാരം മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്നതിന് 10,000/- രൂപ സർക്കാർ സബ്സിഡിയായി അനുവദിച്ചുവരുന്നു. .

(9) <u>ഗൃഹശ്രീ ഭവന പദ്ധതി</u>

കുറഞ്ഞത് രണ്ടോ/മൂന്നോ സെന്റ് ഭൂമിയെങ്കിലും സ്വന്തമായി കൈവശമുള്ള ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽ പ്പെട്ടവർക്കായി കുറഞ്ഞത് 30 ച.മീറ്റർ മുതൽ 60 ച.മീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്ന തിനായി സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡി യോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ”

10. <u>പാരസ്പര്യ ഭവന പദ്ധതി</u>

തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ളാറ്റുകളടങ്ങുന്ന കെട്ടിട സമുച്ചയം നിർമ്മിച്ചു.

11. <u>സായൂജ്യം ഭൂവികസന പദ്ധതി</u>

കോട്ടയത്ത് അയർക്കുന്നത്ത് 12 പ്ലോട്ടുകളും കാസർഗോഡ് മാധൂറിൽ 27 പ്ലോട്ടുകളും വികസിപ്പിച്ചു.

| | |
|---|---|
| (ഡി) 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണ ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ് ? | (ഡി) 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണ ബോർഡ് സർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നു. |

1. <u>ഗൃഹശ്രീ ഭവന പദ്ധതി -</u>

ടി പദ്ധതിയ്ക്കായി 2014-15 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 1419 ലക്ഷം രൂപ വിനിയോഗിച്ച് 709 വീടുകൾക്ക് സബ്സിഡി നൽകുന്ന താണ്.

2. <u>സാഫല്യം ഭവന പദ്ധതി</u>

ടി പദ്ധതിയ്ക്കായി 2014-15 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 1000 ലക്ഷം രൂപ 500 ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് സബ്സിഡി ആയി വിനിയോഗിക്കുന്നതാണ്.

3. <u>ഇന്നൊവേറ്റീവ് ഭവന പദ്ധതി</u>

ടി പദ്ധതിയ്ക്കായി 2014-15 വർഷത്തിൽ വകയിരുത്തിയിട്ടുള്ള . 400 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരത്ത് പൂജപ്പുരയിൽ ഫേസ് IV ആയി 24 ഫ്ളാറ്റുകൾ നിർമ്മിക്കുന്നതാണ്.

4. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി</u>

തിരുവനന്തപുരത്ത് ജഗതിയിൽ 319 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ ബോർഡിന്റെ കൈവശം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള ഭൂമികളിൽ പാരസ്പര്യം മാതൃകയിൽ ഫ്ളാറ്റ് നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

കൂടാതെ ദുർബല വിഭാഗക്കാർക്കായി പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാരുണ്യ ഭവന പദ്ധതിയും 2014 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുള്ള സൗഭാഗ്യ വായ്പാ പദ്ധതിയും സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ